**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5141** **04-07-2024 - ൽ മറുപടിയ്ക്ക്**

**കായംകുളം സർക്കാർ ഐ.റ്റി.ഐ.-യ്ക്ക് ഭൂമി ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം സർക്കാർ ഐ.റ്റി.ഐ.-യ്ക്ക് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | **(എ)** 19/06/2009-ൽ പ്രവർത്തനമാരംഭിച്ച കായംകുളം ഐ.ടി.ഐയ്ക്ക് 2010-ൽ തന്നെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ സർവ്വകക്ഷി യോഗങ്ങൾ സംഘടിപ്പിക്കുകയും സ്ഥല അന്വേഷണം ഊർജ്ജിതമാക്കുകയും ചെയ്തു. 2014-ൽ കായംകുളം വില്ലേജിൽ വിവിധ സർവ്വെ നമ്പരിലുള്ള 1 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നഗരസഭ തീരുമാനിക്കുകയും 25 ലക്ഷം രൂപ കളക്ടറുടെ വർക്കിംഗ് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. കണ്ടെത്തിയ ഭൂമി അളന്ന് തരം തിരിച്ചു. സിവിൽ മോണിറ്ററിംഗ് കമ്മിറ്റി നിലവിൽ കണ്ടെത്തിയ സ്ഥലം നികത്തി ഉപയോഗ്യമാക്കുന്നതിന് ധാരാളം പണം ചെലവാകുമെന്നും ഐ.ടി.ഐയിലേയ്ക്കുള്ള വഴിയുടെ അഭാവവും റിപ്പോർട്ട് ചെയ്യപ്പെട്ടു. പ്രസ്തുത സ്ഥലം വീണ്ടും പരിശോധന നടത്തി സ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനും, മണ്ണ് പരിശോധനയും, ടോട്ടൽ സ്റ്റേഷൻ സർവ്വെ നടത്തുന്നതിനും 1,67,000/- രൂപ ചെലവാകുമെന്ന് PWD അറിയിച്ചതിൻ പ്രകാരം നഗരസഭ തുക അനുവദിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് സ്ഥലം ഉടമകളെല്ലാവരും സ്ഥലം കൈമാറ്റത്തിന് തയ്യാറാണെന്ന് അറിയിക്കുകയും മൂന്ന് ഉടമകൾ സമ്മതപത്രം എഴുതി നൽകുകയും, മറ്റുള്ളവരുടെ സമ്മതപത്രങ്ങൾ സമാഹരിച്ച് അടിയന്തരമായി ആർ.ഡി.ഒ-യ്ക്ക് അയയ്ക്കുന്നതാണെന്നും മുനിസിപ്പാലിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ